പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 217

# 2024-ലെ കേരള മുതിർന്ന പൗരന്മാർ സംരക്ഷണ ബിൽ

(ശ്രീ. ടി. സിദ്ദിഖ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

1107/2024.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 217

# 2024-ലെ കേരള മുതിർന്ന പൗരന്മാർ സംരക്ഷണ ബിൽ

(ശ്രീ. ടി. സിദ്ദിഖ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 217

# 2024-ലെ കേരള മുതിർന്ന പൗരന്മാർ സംരക്ഷണ ബിൽ

(ശ്രീ. ടി. സിദ്ദിഖ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്ത് വാർദ്ധക്യം മൂലം അവശത അനുഭവിക്കുന്ന മുതിർന്ന പൗരന്മാരുടെ സുരക്ഷിതത്വം ഉറപ്പാക്കാനും, വിവേചനം തടയുന്നതിനും, വൈകാരികവും, സാമൂഹികവുമായ ക്ഷേമം ഉറപ്പാക്കാനും, അതുമായി ബന്ധപ്പെട്ടതോ, അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—ആരോഗ്യവും സമ്പത്തും പ്രയത്നവുമെല്ലാം കുടുംബത്തിന്റെയും സമൂഹത്തിന്റെയും പുരോഗതിക്കും, നന്മയ്ക്കും വേണ്ടി ചെലവഴിച്ചതിന് ശേഷം വാർദ്ധക്യത്തിൽ എത്തുമ്പോൾ ഒറ്റപ്പെടലും തിരസ്കരണവും അനുഭവിക്കുന്ന സംസ്ഥാനത്തെ മുതിർന്ന പൗരന്മാർക്കെതിരെയുള്ള ക്രൂരവും മനുഷ്യത്വരഹിതവുമായ പ്രവൃത്തികൾ തടയുന്നതിനും, ചൂഷണം ഇല്ലാതാക്കുന്നതിനും, ആരോഗ്യ സംരക്ഷണത്തിനും, സാംസ്കാരികവും മതപരവുമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും, മാനസികോല്ലാസവും, വിനോദവും ഉറപ്പാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ മറ്റ് അവകാശങ്ങളും ഉറപ്പിക്കുകയെന്ന ലക്ഷ്യത്തോടെ വ്യവസ്ഥചെയ്യുന്നത് യുക്തമായിരിക്കയാൽ ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു.

## അദ്ധ്യായം-1

## പ്രാരംഭം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024-ലെ കേരള മുതിർന്ന പൗരന്മാർ സംരക്ഷണ ആക്റ്റ് എന്ന് പേര് പറയാം,

(2) ഈ ആക്റ്റിന് കേരള സംസ്ഥാനം മുഴുവൻ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(3) ഈ ആക്റ്റിലെ വ്യവസ്ഥകൾ, സർക്കാർ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

1107/2024.

## അദ്ധ്യായം-2

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) സർക്കാർ എന്നാൽ കേരള സർക്കാർ എന്നർത്ഥമാക്കുന്നു;

(ബി) വകുപ്പ് എന്നാൽ ഈ ആക്റ്റിലെ ഒരു വകുപ്പ് എന്നതാകുന്നു;

(സി) വിജ്ഞാപനം എന്നാൽ കേരള സർക്കാരിന്റെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം എന്നർത്ഥമാക്കുന്നു;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനം എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 4-ാം വകുപ്പിനു കീഴിൽ രൂപീകരിക്കപ്പെട്ട ഏതെങ്കിലും തലത്തിലുള്ള ഒരു പഞ്ചായത്തോ, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് 4-ാം വകുപ്പിനു കീഴിൽ രൂപീകരിക്കപ്പെട്ട ഒരു മുനിസിപ്പാലിറ്റി എന്നർത്ഥമാകുന്നു;

(ഇ) മുതിർന്ന പൗരൻ എന്നാൽ 60 വയസ്സോ അതിൽ കൂടുതലോ ഉള്ള പൗരൻ എന്നർത്ഥമാകുന്നു;

(എഫ്) മക്കൾ എന്നാൽ മകൻ, മകൾ, ചെറുമകൻ, ചെറുമകൾ എന്നിവർ ഉൾപ്പെടുന്നു;

(ജി) ബന്ധുക്കൾ എന്നാൽ മുതിർന്ന പൗരന്റെ സ്വത്ത് കൈവശം വയ്ക്കുകയോ പിന്തുടർച്ചാവകാശ സമ്പ്രദായപ്രകാരം സ്വത്ത് സിദ്ധിക്കുകയോ ചെയ്യുന്ന അനന്തരാവകാശി എന്ന് അർത്ഥമാക്കുന്നു;

(എച്ച്) ഗ്രാമപഞ്ചായത്ത് എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് പ്രകാരം രൂപീകരിക്കപ്പെട്ട ഗ്രാമപഞ്ചായത്ത് എന്നർത്ഥമാക്കുന്നു;

(ഐ) ജീവനാംശം എന്നതിൽ ആഹാരം, പാർപ്പിടം, വസ്ത്രം, വൈദ്യസഹായം, ചികിത്സ എന്നിവ ഉൾപ്പെടുന്നു;

(ജെ) പരാതി പരിഹാര ഉദ്യോഗസ്ഥൻ എന്നാൽ ഈ ആക്റ്റിലെ 13(1) വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(കെ) വയോജനക്ഷേമ അതോറിറ്റി എന്നാൽ ഈ ആക്റ്റിലെ 5(1) വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട അതോറിറ്റി എന്നർത്ഥമാകുന്നു.

## അദ്ധ്യായം-3

3 (1) വിവേചനരഹിതവും അന്തസ്സോടും കൂടിയതുമായ ജീവിതം ഉറപ്പാക്കുക.—സർക്കാർ, സംസ്ഥാനത്തെ എല്ലാ മുതിർന്ന പൗരന്മാർക്കും,—

(എ) ആഹാരം, പാർപ്പിടം;

(ബി) മരുന്ന്, സാന്ത്വനപരിചരണം, ചികിത്സ, സഹായോപകരണങ്ങൾ;

(സി) സഞ്ചാര-വിനോദ സൗകര്യങ്ങൾ;

(ഡി) സാംസ്കാരികവും, മതപരവുമായ അവകാശങ്ങൾ എന്നിവ ഉറപ്പാക്കേണ്ടതാണ്.

(2) മുതിർന്ന പൗരന്മാർക്ക്, നീതി നിർവ്വഹണ സംവിധാനങ്ങളിൽ നിന്ന് നേരിടുന്ന കാലതാമസവും, സങ്കീർണ്ണതകളും ഒഴിവാക്കി നീതി ഉറപ്പാക്കേണ്ടതാണ്.

(3) മുതിർന്ന പൗരന്മാർക്ക് സാമൂഹിക കുടുംബ പശ്ചാത്തലത്തിൽ നേരിടേണ്ടി വരുന്ന ഒറ്റപ്പെടുത്തലും  വിവേചനവും തടയുക.

4. <u>പ്രായമായ സ്ത്രീകളുടെ അവകാശം</u>.—(1) സർക്കാർ, എല്ലാ മുതിർന്ന സ്ത്രീകൾക്കും തുല്യ അവകാശങ്ങൾ ഉറപ്പാക്കേണ്ടതാണ്.

(2) മുതിർന്ന സ്ത്രീകൾക്കുള്ള അവകാശങ്ങൾ പ്രതിബന്ധരഹിതമായി അനുഭവിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉറപ്പാക്കുക.

5. <u>സാമൂഹിക ജീവനം ഉറപ്പാക്കൽ</u>.—(1) മുതിർന്ന പൗരന്മാർക്ക് സാമൂഹിക ജീവനത്തിനുള്ള അവകാശമുണ്ട്.

(2) സർക്കാർ, മുതിർന്ന പൗരന്മാർ നേരിടുന്ന സാമൂഹികവും വൈകാരികവുമായ ഒറ്റപ്പെടുത്തലുകൾ ഒഴിവാക്കേണ്ടതാണ്.

(3) മുതിർന്ന പൗരന്മാർ വീടുകളിൽ ഒറ്റപ്പെട്ടുപോകുന്നത് ഒഴിവാക്കുകയും അവരെ മുഖ്യധാരയിൽ നിലനിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

(4) സർക്കാർ മുതിർന്ന പൗരന്മാർക്ക് വീട്ടിലോ വാസയോഗ്യമായ മറ്റ് സ്ഥലങ്ങളിലോ, മറ്റ് സാമൂഹിക സേവന സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിയോ ഇത്തരം അവകാശ സംരക്ഷണം ഉറപ്പാക്കേണ്ടതാണ്.

(6) <u>കുടുംബവും ജീവനാംശവും</u>.—(1) മുതിർന്ന പൗരന്മാർക്ക് പങ്കാളിയോടും മക്കളോടുമൊപ്പം കുടുംബം പുലർത്തുന്നതിനുള്ള അവകാശം ഉറപ്പാക്കുക.

(2) മുതിർന്ന പൗരന്മാർക്ക് ഏതൊരു അവസരത്തിലും ജീവനാംശം ഉറപ്പിക്കേണ്ടതും, അതിനുള്ള പ്രാഥമിക ഉത്തരവാദിത്വം മക്കൾക്കും ചെറുമക്കൾക്കും അവരുടെ അഭാവത്തിലോ കഴിവില്ലായ്മയിലോ മറ്റ് ബന്ധുക്കൾക്കോ ഗവൺമെന്റിനോ ആയിരിക്കുന്നതാണ്.

7. വോട്ടവകാശം.—തിരഞ്ഞെടുപ്പ് കമ്മീഷനുകൾ മുതിർന്ന പൗരന്മാർക്ക്, തിരഞ്ഞെടുപ്പിൽ ശരിയായ വോട്ടവകാശം ഉറപ്പിക്കേണ്ടതും, തിരഞ്ഞെടുപ്പ് സാമഗ്രികൾ മുതിർന്ന പൗരന്മാർക്ക് മനസ്സിലാക്കാനും ഉപയോഗിക്കാനും പര്യാപ്തമാണെന്ന് ഉറപ്പാക്കേണ്ടതുമാണ്. ആരോഗ്യ പ്രശ്നമുള്ള മുതിർന്ന പൗരന്മാർക്ക് വോട്ടവകാശം അവർ താമസിക്കുന്നിടത്ത് വെച്ച് നിർണ്ണയിക്കാൻ സൗകര്യമൊരുക്കേണ്ടതാണ്.

8 . ആരോഗ്യ പരിരക്ഷ ഉറപ്പാക്കണം.—(1) സർക്കാർ മുതിർന്ന പൗരന്മാർക്ക്, എല്ലാ സർക്കാർ-സ്വകാര്യ ആശുപത്രികളിലും ജീറിയാടിക് സെന്റർ ഉറപ്പാക്കേണ്ടതും അവിടെ നിന്നുള്ള സേവനങ്ങൾ സൗജന്യമാക്കേണ്ടതുമാണ്.

(2) ആശുപത്രികളിൽ സേവനങ്ങൾക്കായി എത്തുന്ന മുതിർന്ന പൗരന്മാർക്ക് മുൻഗണനാ സംവിധാനം നടപ്പാക്കുക.

(3) മുതിർന്ന പൗരന്മാർക്ക് അർഹതപ്പെട്ട സൗജന്യ ചികിത്സകൾ, സേവനങ്ങൾ, മറ്റ് സംവിധാനങ്ങൾ എന്നിവയെ സംബന്ധിച്ച് എല്ലാ ആശുപത്രികളിലും പരസ്യ ബോർഡുകൾ സ്ഥാപിക്കുക.

9. സൗജന്യ യാത്രാ സൗകര്യം ഉറപ്പാക്കുക.—(1) സർക്കാർ മുതിർന്ന പൗരന്മാർക്ക് പൊതുഗതാഗത സംവിധാനങ്ങളിൽ സൗജന്യ യാത്ര ഉറപ്പാക്കുക.

(2) സർക്കാർ, സ്വകാര്യ ബസ്സുകളിൽ മതിയായ സീറ്റ് സംവരണം ഇവർക്കായി ഏർപ്പെടുത്തേണ്ടതാണ്.

(3) സംവരണ സീറ്റിൽ അനധികൃതമായി യാത്ര ചെയ്യുന്നവരുടെ മേൽ പിഴയായി 500 രൂപ ചുമത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

(4) സംവരണ സീറ്റിൽ അർഹതപ്പെട്ട മുതിർന്ന പൗരന്മാർക്ക് അവസരം നിഷേധിക്കപ്പെടുന്ന പക്ഷം ആയതിന് ബസ്സിലെ കണ്ടക്ടർ ഉത്തരവാദിയായിരിക്കുമെന്നും, കുറ്റം ചെയ്യുന്ന പക്ഷം കർശന നടപടികൾക്ക് വിധേയമാക്കേണ്ടതുമാണ്.

(5) പരാതി നൽകേണ്ട വിവരങ്ങൾ ബസ്സിൽ പ്രദർശിപ്പിക്കേണ്ടതാണ്.

(6) സർക്കാർ-സ്വകാര്യ ബസ്സുകളിലെ കണ്ടക്ടർമാർ അവരുടെ പേര്, സീരിയൽ കോഡ് എന്നിവ വെളിപ്പെടുത്തുന്ന ബാഡ്ജ് ധരിക്കേണ്ടതാണ്.

10. <u>വിനോദ, സാംസ്കാരിക, മതപരമായ അവകാശങ്ങൾ</u>.—(1) സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മുതിർന്ന പൗരന്മാരുടെ സാംസ്കാരികവും മതപരവുമായ അവകാശങ്ങളെ സംരക്ഷിക്കേണ്ടതും പ്രോത്സാഹിപ്പിക്കേണ്ടതും വിനോദോപാധികൾ ഉറപ്പാക്കേണ്ടതുമാണ്.

(2) പൊതു ഇടങ്ങളിലും തീർത്ഥാടന കേന്ദ്രങ്ങളിലും വിനോദസഞ്ചാര കേന്ദ്രങ്ങളിലും മുതിർന്ന പൗരന്മാർക്ക്,—

(എ) മതിയായ സൗകര്യങ്ങളും പിന്തുണയും നൽകേണ്ടതാണ്;

(ബി) പ്രത്യേക വോളണ്ടിയർമാരെ നിയമിക്കേണ്ടതാണ്;

(സി) ആരോഗ്യനില പരിശോധിക്കുന്നതിനും വൈദ്യസഹായം ലഭ്യമാക്കുന്നതിനും മതിയായ വിശ്രമസ്ഥലങ്ങൾ ഉറപ്പാക്കുന്നതിനും ആംബുലൻസ് സംവിധാനങ്ങൾ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്;

(ഡി) ആവശ്യമുള്ള കെട്ടിടങ്ങളിൽ മുതിർന്നവർക്കായി പ്രത്യേക ലിഫ്റ്റ് സംവിധാനങ്ങൾ സ്ഥാപിക്കുക;

(ഇ) ഉയർന്ന പിന്തുണ ആവശ്യമുള്ളപക്ഷം സന്നദ്ധ സേവകരുടെ സേവനങ്ങൾ ലഭ്യമാക്കുക.

## <u>അദ്ധ്യായം -4</u>

11. <u>ക്രൂരതയും അക്രമവും ചൂഷണവും തടയൽ</u>.—(1) സർക്കാർ, വയോജനങ്ങളെ ക്രൂരത, അക്രമം, ചൂഷണം, മനുഷ്യത്വരഹിതമായ പെരുമാറ്റം എന്നിവയിൽ നിന്ന് രക്ഷിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഇതിനായി സർക്കാർ,—

(എ) ഇത്തരം പ്രവൃത്തികൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ മുൻകരുതൽ എടുക്കുക;

(ബി) ഉചിതമായ നിയമനടപടികൾ നിശ്ചിത സമയത്തിൽ സ്വീകരിക്കുക;

(സി) ക്രൂരതയ്ക്കിരയായ മുതിർന്ന പൗരന്മാരെ രക്ഷപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക.

(2) ഏതെങ്കിലും മുതിർന്ന പൗരനെതിരെ ക്രൂരത, അക്രമം, ചൂഷണം, മനുഷ്യത്വരഹിതമായ മറ്റ് പെരുമാറ്റങ്ങൾ ഇവ നടക്കുന്നു എന്നോ, നടക്കാൻ പോകുന്നു എന്നോ ഉത്തമബോധ്യമുള്ള ഏതൊരു പൗരനും രജിസ്റ്റേർഡ് സ്ഥാപനങ്ങൾക്കും ഏത് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ പരിധിയിലാണോ ഈ പ്രവൃത്തികൾ നടക്കുന്നത്

അദ്ദേഹത്തെ വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം അവരും അതേ കുറ്റം ചെയ്തതായി കണക്കാക്കി ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(3) അക്രമത്തിനോ ക്രൂരതയ്ക്കോ വിധേയമാക്കപ്പെട്ടു എന്നോ വിധേയമാക്കാൻ പോകുന്നു എന്നോ ബോധ്യപ്പെടുന്ന പക്ഷം മജിസ്ട്രേറ്റ് ഇത്തരം പ്രവൃത്തികൾ നിർത്തുന്നതിനും തടയുന്നതിനും ഉടനടി നടപടി എടുക്കേണ്ടതും മുതിർന്ന പൗരനെ സംരക്ഷിക്കാൻ അനുയോജ്യമെന്ന് കരുതുന്ന മറ്റ് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അതിൻപ്രകാരം,—

(എ) ഇരയെ രക്ഷിക്കുക, പോലീസിനോടോ മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിന് വേണ്ടി പ്രവർത്തിക്കുന്ന ഏജൻസികളോടോ അവരുടെ സംരക്ഷണം ഏറ്റെടുക്കുവാൻ ആവശ്യപ്പെടുക;

(ബി) ക്രൂരതയ്ക്കിരയായവരെ സുരക്ഷിതമായി കരുതലിൽ വയ്ക്കുക;

(സി) ജീവനാംശം ഉറപ്പാക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(4) മജിസ്ട്രേറ്റ്, ചൂഷണത്തിന് ഇരയാകുന്നവരുടെ സ്വത്തുക്കൾ കൈമാറ്റം ചെയ്യുന്നതിനോ ബാങ്ക് അക്കൗണ്ടുകൾ, ബാങ്ക് ലോക്കറുകൾ, മറ്റ് വിലപിടിപ്പുള്ള സാമഗ്രികൾ മുതലായവ ഉപയോഗിക്കുന്നതിനോ ചൂഷണം ആരോപിക്കപ്പെടുന്ന വ്യക്തികളിൽ നിന്ന് സംരക്ഷണം നൽകേണ്ടതാണ്.

(5) പരാതിയുടെയോ, വിശ്വസനീയമായ മറ്റ് വിവരത്തിന്റെയോ അടിസ്ഥാനത്തിൽ മുതിർന്ന പൗരനെതിരെ അതിക്രമമോ, ചൂഷണമോ, ക്രൂരതയോ നടക്കുന്നതായി ബോധ്യപ്പെട്ടാൽ പോലീസിന്, അവർക്ക്,—

(എ) 6(3), (4) പ്രകാരം അർഹതപ്പെട്ട സംരക്ഷണം, ബന്ധപ്പെട്ട എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് ഇവയെ സംബന്ധിച്ച് ;

(ബി) ഏറ്റവും അടുത്ത മുതിർന്ന പൗരന്മാരുടെ പുനരധിവാസത്തിനായി പ്രവർത്തിക്കുന്ന ഏജൻസികളെയും, സ്ഥാപനങ്ങളേയും സംബന്ധിച്ച്;

(സി) ഈ നിയമവും മറ്റ് നിലവിലുള്ള നിയമങ്ങൾ അനുസരിച്ചും പരാതികൾ നൽകുന്നതിനെ സംബന്ധിച്ച് ;

(ഡി) സൗജന്യ നിയമസഹായം സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

(6) ആരോപിക്കപ്പെട്ട പ്രവൃത്തിയോ പെരുമാറ്റമോ, ഇന്ത്യൻ ശിക്ഷാ നിയമം 1860 പ്രകാരമോ നിലവിലുള്ള മറ്റ് ക്രിമിനൽ നിയമങ്ങൾ അനുസരിച്ചോ ഉള്ള കുറ്റമാണെന്ന് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന് ബോധ്യപ്പെട്ടാൽ, പരാതി, ഉടനടി നടപടി എടുക്കാൻ അധികാരമുള്ള ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റിന് കൈമാറേണ്ടതാണ്.

12. നീതി ഉറപ്പാക്കൽ.—(1) മുതിർന്ന പൗരന്മാർക്ക് കോടതിയേയോ, കമ്മീഷനുകളേയോ, സർക്കാർ സ്ഥാപനങ്ങളേയോ, അർദ്ധ നീതിന്യായ അധികാര കേന്ദ്രങ്ങളേയോ, അന്വേഷണ ഏജൻസികളേയോ സമീപിക്കുന്നതിൽ വാർദ്ധക്യം കാരണം യാതൊരു വിവേചനവും നേരിടുന്നില്ല എന്ന് സർക്കാർ ഉറപ്പിക്കണം.

(2) ഇത്തരം സ്ഥാപനങ്ങളിൽ നിന്നും സേവനങ്ങൾക്കോ, വ്യവഹാരങ്ങൾക്കോ കാലതാമസം നേരിടുന്നില്ല എന്ന് ഉറപ്പാക്കേണ്ടതും നടപടിക്രമങ്ങളിലെ സങ്കീർണ്ണതകൾ ലഘൂകരിക്കേണ്ടതുമാണ്.

(3) നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റി ആക്റ്റ്, 1987 പ്രകാരം രൂപീകരിക്കപ്പെട്ട സ്റ്റേറ്റ് ലീഗൽ സർവ്വീസ് അതോറിറ്റിയും സർക്കാരും ചേർന്ന് നീതിന്യായ സ്ഥാപനങ്ങളിലും നിയമം നടപ്പാക്കുന്ന മറ്റ് ഏജൻസികളിലും മുതിർന്ന പൗരന്മാരുടെ നീതി സംരക്ഷണാർത്ഥം ഉചിതമായ പദ്ധതികളും പരിപാടികളും ആവിഷ്കരിക്കേണ്ടതാണ്.

(4) മുതിർന്ന പൗരന്മാർക്ക് അർഹതപ്പെട്ട എല്ലാ സേവനങ്ങളും സൗകര്യങ്ങളും ഉപയോഗപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

## അദ്ധ്യായം -5

13. പരാതി പരിഹാര ഉദ്യോഗസ്ഥൻ.—(1) സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി ഓരോ പഞ്ചായത്തിലും ഓരോ പരാതി പരിഹാര ഉദ്യോഗസ്ഥനെ നിയമിക്കേണ്ടതും, അവരുടെ അധികാരം നടപ്പാക്കേണ്ട പ്രദേശങ്ങളെ സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുമാണ്.

(2) ഉദ്യോഗസ്ഥൻ, മുതിർന്ന പൗരന്മാരുടെ ക്ഷേമപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതോ, അനുഭവവും പരിചയ സമ്പത്തുമുള്ളതോ ആയ പഞ്ചായത്ത് ഉദ്യോഗസ്ഥനാകാം.

14. ഉദ്യോഗസ്ഥന്റെ ചുമതലകൾ.—ഈ ആക്റ്റിൻ പ്രകാരം ഉദ്യോഗസ്ഥന് താഴെ പറയുന്ന ചുമതലകൾ ഉണ്ടായിരിക്കുന്നതാണ്,—

(എ) ഈ നിയമ പ്രകാരം അർഹതപ്പെട്ട അവകാശ ലംഘനത്തെ സംബന്ധിച്ച പരാതികൾ സ്വീകരിക്കുകയും, പരിശോധിക്കുകയും അന്വേഷണം നടത്തുകയും ചെയ്യുക;

(ബി) പരാതി സംബന്ധിച്ച് പരിശോധനയും അന്വേഷണവും പരാതി ലഭിച്ച് ഒരാഴ്ചയ്ക്കകം പൂർത്തിയാക്കേണ്ടതാണ്;

(സി) അന്വേഷണം പൂർത്തിയായി 3 ദിവസത്തിനകം പരിഹാര നടപടികൾ പൂർത്തിയാക്കേണ്ടതാണ്;

(ഡി) പരാതികളേയും പരിഹാര നടപടികളേയും സംബന്ധിച്ച് എല്ലാ വിവരങ്ങളും ഗവണ്മെന്റിന്റെ നിർദ്ദേശാനുസരണം രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്;

(ഇ) പരിഹാര നടപടികൾ നടപ്പിലാക്കുന്നു എന്ന് ഉറപ്പാക്കുക;

(എഫ്) വീട്ടുകളിൽ ഒറ്റപ്പെട്ടു പോകുന്ന മുതിർന്ന പൗരന്മാരുടെ വിശദവിവരം അടങ്ങുന്ന രജിസ്റ്റർ സൂക്ഷിക്കുക.

15. <u>വയോജന ക്ഷേമ അതോറിറ്റിയുടെ രൂപീകരണവും ഘടനയും.</u>—(1) സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി ഇതിലേയ്ക്കായി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതി പ്രാബല്യത്തോടെ ഓരോ പഞ്ചായത്തിലും ഓരോ വയോജനക്ഷേമ അതോറിറ്റി രൂപീകരിക്കേണ്ടതാണ്.

(2) അതോറിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

അതായത്:—

(എ) പഞ്ചായത്ത് സെക്രട്ടറി അതോറിറ്റിയുടെ ചെയർമാൻ ആയിരിക്കേണ്ടതാണ്;

(ബി) തിരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്ത് അംഗങ്ങളിൽ നിന്നുള്ള രണ്ട് അംഗങ്ങൾ;

(സി) വയോജന ക്ഷേമപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന രണ്ട് സേവകർ.

(3) ഈ ആക്റ്റിൽ മറ്റ് വ്യവസ്ഥ ചെയ്യുതൊഴികെ, എക്സ്-ഒഫീഷ്യോ, അംഗങ്ങളല്ലാത്ത അംഗങ്ങളുടെ ഔദ്യോഗിക കാലാവധി, അതോറിറ്റിയുടെ ആദ്യ യോഗം നടന്ന തീയതി മുതൽ 5 വർഷക്കാലത്തേക്കോ, പഞ്ചായത്തംഗം എന്ന പദവി ഇല്ലാതാകുന്നതോ, അതിൽ ആദ്യത്തേതായിരിക്കും.

16. <u>പഞ്ചായത്ത് വയോജന ക്ഷേമ അതോറിറ്റിയുടെ ചുമതലകൾ.</u>—പഞ്ചായത്ത് അതോറിറ്റി താഴെ പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്:—

(എ) പഞ്ചായത്ത് ഓഫീസറുടെ നടപടികളെ സംബന്ധിച്ച അപ്പീൽ പരിഗണിക്കുക;

(ബി) അപ്പീലിൻമേൽ ഒരു മാസത്തിനകം തീർപ്പ് കൽപ്പിക്കുക;

(സി) ഉത്തരവുകൾ നടപ്പിലാക്കുന്നു എന്ന് ഉറപ്പാക്കുക;

(ഡി) മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ തുടർച്ചയായി ഹനിക്കുകയും അവഗണിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടിക്കുള്ള ശിപാർശ സർക്കാരിന് നൽകുക;

(ഇ) ഉത്തരവുകൾ ലംഘിക്കുകയോ, അവഗണിക്കുകയോ ചെയ്യുന്നവരെ നിയമം അനുശാസിക്കുന്ന ശിക്ഷാനടപടികൾക്ക് വിധേയരാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുക;

(എഫ്) ഈ നിയമത്തിൽ ഉറപ്പ് നൽകിയിട്ടുള്ള അവകാശങ്ങൾ സംരക്ഷിക്കുന്നതിനും സേവനങ്ങൾ ഉറപ്പാക്കുന്നതിനും സ്വീകരിക്കേണ്ട നടപടികൾ സർക്കാരിന് സമർപ്പിക്കുക;

(ജി) ഈ നിയമം സുഗമമായി നടപ്പിലാക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകുക;

(എച്ച്) ഈ നിയമത്തിലെ നടപടികളിലും സേവനങ്ങളിലും ആനുകാലിക അവലോകനം നടത്തുക.

17. ഗവേഷണവും പുരോഗതിയും.—സർക്കാർ വ്യക്തികളുമായോ സ്ഥാപനങ്ങളുമായോ ചേർന്ന് മുതിർന്ന പൗരന്മാരുടെ അധിവാസം, പുനരധിവാസം എന്നിവ വർദ്ധിപ്പിക്കുന്നതിനും, മറ്റ് അനുബന്ധ സംഗതികളെ സംബന്ധിച്ചും ഗവേഷണം നടത്തി പുരോഗതിയിലേക്ക് നയിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

## അദ്ധ്യായം-6

18. ഭാവകത്വപരമായ ഇടപെടലുകൾ.—(1) സർക്കാർ, ഭൗതിക സാഹചര്യ വിവരങ്ങൾ, ആശയ വിനിമയ മാർഗ്ഗങ്ങൾ, സാങ്കേതികവിദ്യയും മറ്റ് സമ്പ്രദായങ്ങളുമുൾപ്പെടെ പൊതുജനങ്ങൾക്ക് നൽകിവരുന്ന മറ്റ് സേവനങ്ങളും സൗകര്യങ്ങളും മുതിർന്ന പൗരന്മാർക്ക് ഭാവകത്വപരമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ ചട്ടങ്ങൾ രൂപീകരിക്കേണ്ടതാണ്.

(2) ചട്ടങ്ങൾക്കനുസരിച്ച് അടിസ്ഥാന സൗകര്യങ്ങൾ ക്രമീകരിക്കുന്നതിന് സേവനദാതാക്കൾക്ക് സമയ പരിധി നിശ്ചയിക്കേണ്ടതാണ്.

19. ബോധവത്കരണ പരിപാടികൾ.—(1) സർക്കാർ, ഈ നിയമ പ്രകാരം നൽകിയിട്ടുള്ള അവകാശങ്ങളേയും ഉത്തരവാദിത്വങ്ങളേയും സംബന്ധിച്ചും അവ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ബോധവത്കരണ-അവബോധ പരിപാടികൾ നടത്തുകയും പ്രോത്സാഹിപ്പിക്കുകയും പിന്തുണ നൽകേണ്ടതുമാണ്.

(2) ഇതിനായി പത്ര-ദൃശ്യമാധ്യമങ്ങളേയും സാമൂഹ്യ മാധ്യമങ്ങളേയും ഉപയോഗപ്പെടുത്തേണ്ടതാണ്.

(3) ഇത്തരം പരിപാടികളുടെ ഭാഗമായി,—

(എ) മുതിർന്ന പൗരന്മാരോടുള്ള ആദരവും സഹാനുഭൂതിയും വളർത്തുക;

(ബി) വാർദ്ധക്യം സാമൂഹിക ജീവനത്തിന്റെ ഭാഗമായി ഉൾപ്പെടുത്തേണ്ടതിന്റെ മൂല്യങ്ങൾ പ്രചരിപ്പിക്കുക;

(സി) മുതിർന്ന പൗരന്മാരുടെ ജീവിതം, കുടുംബ ബന്ധങ്ങൾ, വൈകാരികവും, ഭൗതികവുമായ അവസ്ഥ എന്നിവ സംബന്ധിച്ച തീരുമാനങ്ങളെ അംഗീകരിക്കുക;

(ഡി) മുതിർന്ന പൗരന്മാരുടെ പരിചരണ ദാതാക്കൾക്കും മക്കൾക്കുമുള്ള, ബോധവത്കരണം, അവബോധം എന്നിവ സൃഷ്ടിക്കാൻ ഇവ ഉൾപ്പെടുത്തേണ്ടതാണ്.

## അദ്ധ്യായം-7

20. (1) സർക്കാർ മുതിർന്ന പൗരന്മാർക്ക് സ്വന്തമായോ, സാമൂഹിക സഹവർത്തിത്വത്തിൽ ഊന്നിയതോ ആയ ജീവിത സൗകര്യം ഉറപ്പാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ പദ്ധതികളും സംവിധാനങ്ങളും രൂപപ്പെടുത്തേണ്ടതാണ്.

(2) പദ്ധതികളിൽ സുരക്ഷിതവും, ശുചിത്വ, ആരോഗ്യ-പരിരക്ഷ, ശരിയായ പ്രബോധനം, ഇവയ്ക്ക് ഉതകുന്ന സാന്ത്വന പരിചരണവും,—

(എ) കുടുംബം ഇല്ലാത്തവരോ, ഉപേക്ഷിക്കപ്പെട്ടവരോ, പാർപ്പിടമോ ഉപജീവനത്തിനോ മാർഗ്ഗമില്ലാത്തവർക്കും ഉള്ള സൗകര്യങ്ങൾ;

(ബി) പ്രകൃതി-മനുഷ്യനിർമ്മിത ദുരന്തത്തിൽ ഉൾപ്പെട്ടവർക്കോ, സംഘർഷ മേഖലയിൽ നിന്നുള്ളവർക്കോ ഉള്ള പിന്തുണ;

(സി) പെൻഷൻ പദ്ധതികൾ;

(ഡി) മരുന്ന്, രോഗനിർണ്ണയ സംവിധാനങ്ങൾ മറ്റ് ഉപകരണങ്ങളും സഹായവും, ചികിത്സ, ആഹാരം, പാർപ്പിടം എന്നിവ;

(ഇ) പരിചരണ ദാതാവിനുള്ള അലവൻസ്;

(എഫ്) ബോധ്യപ്പെടുന്ന മറ്റ് കാര്യങ്ങൾ ഉൾപ്പെടുത്താവുന്നതാണ്.

21. സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന്.—

(എ) ഓരോ പഞ്ചായത്തിലും ആവശ്യമായ സാന്ത്വന പരിചരണ സ്ഥാപനങ്ങളും, ഡിമൻഷ്യ സെന്ററുകളും, പകൽ വീടുകളും സ്ഥാപിക്കുക;

(ബി) റസിഡൻഷ്യൽ വെൽഫെയർ അസോസിയേഷനുകളുമായി ചേർന്ന് വിനോദസഞ്ചാര തീർത്ഥാടന പദ്ധതികൾ നടപ്പിലാക്കുക;

(സി) വൃദ്ധസദനങ്ങളെ രജിസ്റ്റർ ചെയ്യുകയും, അവയെ സംബന്ധിക്കുന്ന അന്തേവാസികളുടെ എണ്ണം, പേര്, മേൽവിലാസം, നടത്തിപ്പുകാരുടെ പൂർണ്ണ വിവരം എന്നിവ സംബന്ധിക്കുന്ന വിവരങ്ങൾ സൂക്ഷിക്കുകയും വേണം;

(ഡി) പുനരധിവാസ, അധിവാസ കേന്ദ്രങ്ങൾ സർക്കാരേതര ഏജൻസികളുമായി ചേർന്ന് സ്ഥാപിക്കുക;

(ഇ) പ്രത്യേക ആംബുലൻസ് സംവിധാനങ്ങൾ ലഭ്യമാക്കുക.

22. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം</u>.—(1) സർക്കാരിന് ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേക്ക് വേണ്ട ചട്ടങ്ങൾ ഗസറ്റ് വിജ്ഞാപനം വഴി ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ചട്ടങ്ങൾ കഴിയുന്നത്ര, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള സമ്മേളനങ്ങളിലോ പെടാവുന്ന ആകെ 14 ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതാണ്. പ്രസ്തുത ചട്ടം ഉണ്ടാക്കേണ്ടതില്ലെന്നോ, മാറ്റം വരുത്തേണ്ടതാണെന്നോ ചട്ടം അതേപടി തുടരുവാനോ ആ നിയമസഭാ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ തീരുമാനിക്കുന്ന പക്ഷം ആ ചട്ടത്തിന് ആയത് സംഗതി പോലെ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ അംഗീകരിക്കപ്പെട്ട മാറ്റങ്ങൾക്ക് അനുസരിച്ചോ രൂപപ്പെടുത്തിയ നിലയിൽ മാത്രമേ പ്രാബല്യം ഉണ്ടായിരിക്കുന്നത് ആകുന്നു. അങ്ങനെയുള്ള ഏതെങ്കിലും റദ്ദാക്കലോ രൂപപ്പെടുത്തലോ ഈ നിയമപ്രകാരമോ ചട്ട പ്രകാരമോ ചെയ്തിട്ടുള്ള സംഗതിയുടെ സാധ്യതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

23. <u>ഗ്രാമപഞ്ചായത്തുകൾ തങ്ങളുടെ അധികാര പരിധിയിലുള്ള മുതിർന്ന പൗരന്മാരുടെ</u>.—

(എ) അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുകയും സൂക്ഷിക്കുകയും ചെയ്യണം.

(ബി) ഒറ്റപ്പെട്ടു താമസിക്കുന്ന മുതിർന്ന പൗരന്മാരുടെ സ്ഥിതി വിവരക്കണക്കുകൾ എടുക്കുകയും തുടർച്ചയായി നിരീക്ഷിക്കുകയും ചെയ്യേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരള സംസ്ഥാനത്ത് 60 വയസ്സ് കഴിഞ്ഞ പൗരന്മാർ മൊത്തം ജനസംഖ്യയുടെ പ്രധാന ഭാഗമായി കൂടിക്കൊണ്ടിരിക്കുന്നു. ഇതര സംസ്ഥാനങ്ങളിലേയ്ക്കും, വിദേശ രാജ്യങ്ങളിലേയ്ക്കും ചെറുപ്പക്കാരുടെ മൈഗ്രേഷൻ വളരെ കൂടുതൽ നടക്കുന്ന സംസ്ഥാനമായി കേരളം മാറികഴിഞ്ഞ സാഹചര്യമാണ്. ജീവിതത്തിന്റെ ഏറ്റവും നല്ല യുവത്വവും പ്രവർത്തനങ്ങളും സമ്പത്തും കുടുംബത്തിനും രാജ്യത്തിനും സമൂഹത്തിനും വേണ്ടി ചെലവഴിച്ചവരാണ് ഇന്നത്തെ മുതിർന്ന പൗരന്മാർ. ജീവിതത്തിന്റെ അവസാനഘട്ടത്തിൽ അവർ നേരിടുന്ന ചൂഷണം, അവർക്കെതിരെയുള്ള അതിക്രമങ്ങൾ അവർക്കെതിരായ പ്രവൃത്തികൾ എന്നിവയെല്ലാം കൂടിവരുന്ന പ്രത്യേക സാഹചര്യമാണ്. ഈ സാഹചര്യത്തിൽ മുതിർന്ന പൗരന്മാരുടെ സാമൂഹ്യ, മാനസികാരോഗ്യ, സാംസ്കാരിക, വിനോദ, മതപര, സാംസ്കാരിക, സാമ്പത്തിക അവകാശങ്ങൾ പ്രഖ്യാപിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടത് വലിയ ആവശ്യമായി വന്നിരിക്കുന്നു. ഈ ഉത്തരവാദിത്ത നിർവ്വഹണത്തിന് വേണ്ടിയാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

2024-ലെ കേരള മുതിർന്ന പൗരന്മാർ സംരക്ഷണ ബിൽ നിയമമാകുന്നതോടെ അതിന്റെ ലക്ഷ്യം കൈവരിക്കാനും വയോജന ക്ഷേമ അതോറിറ്റി രൂപീകരിച്ച് വിവിധ ഉദ്ദേശ്യകാര്യ ലക്ഷ്യപ്രാപ്തിക്കായും സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും തുടക്കത്തിൽ 25 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഭാവിയിൽ ഈ പ്രവർത്തനം കാര്യക്ഷമമാക്കാൻ ഇതിൽ കൂടുതൽ തുക ആവശ്യമായി വരും. തുക കണ്ടെത്താൻ വയോജന സംരക്ഷണത്തിന് വേണ്ടി ഒരു പ്രത്യേക ലോട്ടറി തുടങ്ങാനും ഇതിനു വേണ്ട പണം കണ്ടെത്താനും നടപടി സ്വീകരിക്കുന്നതാണ്.

ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ടി. സിദ്ധിഖ്, എം.എൽ.എ.